വാരാന്ത്യപതിപ്പ്     ലക്കം-33 | JANUARY 2 - JANUARY 8

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## ഉള്ളടക്കം

എൻ.എസ്.എസ് വാർത്തകൾ

മൈമുമായി വളന്റിയേഴ്സ്
പേജ് 1

'അഭയം' ഭവന നിർമ്മാണം പുരോഗമിക്കുന്നു.
പേജ് 1

മായോഗ - യോഗ ക്ലാസ്സ് ഉദ്ഘാടനം
പേജ് 2

'സ്വാദ്' മായി എൻ എസ് എസ്
പേജ് 2

ന്യൂ ഇയർ റെസൊല്യൂഷൻ
പേജ് 3

അഗ്വഞ്ചർ
പേജ് 3

ചോദ്യം ഉത്തരം
പേജ് 4

അക്ഷരാഗ്നി
പേജ് 4

ചിന്താവിഷയം
പേജ് 5




## മൈമുമായി വളന്റിയേഴ്സ്

# എൻ.എസ്.എസ്. വാർത്തകൾ

## മൈമുമായി വളന്റിയേഴ്സ്

യുദ്ധത്തിൽ അനാഥരാക്കപ്പെട്ട കുട്ടികൾക്ക് വേണ്ടിയുള്ള ദിനമായ ജനുവരി ആറിന് പോസ്റ്റർ നിർമ്മിക്കുകയും വളന്റിയേഴ്സിന്റെ നേതൃത്വത്തിൽ കോളേജിലെ ഗാന്ധിസ്മൃതിയിൽ മൈം സംഘടിപ്പിക്കുകയും ചെയ്തു.







## 'അഭയം' ഭവന നിർമ്മാണം പുരോഗമിക്കുന്നു.

എൻ എസ് എസിന്റെ സ്വപ്ന പദ്ധതിയായ 'അഭയം' ഭവന നിർമ്മാണ പ്രവർത്തനങ്ങൾ പ്രോഗ്രാം ഓഫീസർമാരായ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെയും , ഡോ. വിമല ജോണിന്റെയും നേതൃത്വത്തിൽ എല്ലാവരുടെയും സഹകരണത്തോടെ നല്ലരീതിയിൽ പുരോഗമിക്കുന്നു.





# മായോഗ - യോഗ ക്ലാസ്സ് ഉദ്ഘാടനം

മണപ്പുറം യോഗ സെന്ററിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന യോഗ ക്ലാസ്സ് തൃശ്ശൂരിൽ ആരംഭിച്ചു. അതിന്റെ ഉദ്ഘാടന ചടങ്ങിൽ പതിനെട്ട് വളന്റിയേഴ്സ് സംബന്ധിച്ചു. പത്തുമണിക്ക് തുടങ്ങിയ പരിപാടി ഏകദേശം പന്ത്രണ്ടരയോടെ സമാപിച്ചു.






# 'സ്വാദ്' മായി എൻ എസ് എസ്

ജനുവരി എട്ട് ശനിയാഴ്ച സെന്റ് തോമസ് കോളേജിലെ നാഷണൽ സർവീസ് സ്കീം തൃശ്ശൂർ നഗരത്തിന്റെ പരിസര പ്രദേശങ്ങളിലെ നിർധനരായ വഴിയോരവാസികൾക്ക് 'സ്വാദ്' ന്റെ ഭാഗമായി പൊതിച്ചോർ വിതരണം നടത്തി. പത്തോളം എൻ എസ് എസ് വളന്റിയേഴ്സ് പങ്കെടുത്ത ഉദ്യമത്തിന് പ്രോഗ്രാം ഓഫീസർ പ്രൊഫ.രഞ്ജിത്ത് വർഗീസ്സ് നേതൃത്വം നൽകി.









# ന്യൂ ഇയർ റെസൊല്യൂഷൻ

പുതു വർഷ തീരുമാനങ്ങളും അതിന്റെ പ്രാവർത്തികതയേയും കുറിച്ച് വളന്റിയർ കീർത്തന യൂണിറ്റിന്റെ പോഡ്കാസ്റ്റായ സോഷ്യോ പോഡ്സിലൂടെ സംസാരിച്ചു .




# അഗ്വഞ്ചർ

അഗ്വഞ്ചർ എന്ന പേരിൽ തൃശ്ശൂർ സെന്റ് തോമസ് കോളേജിന്റെ പുതിയ ക്യാമ്പസിൽ ആരംഭിച്ച കൃഷി പുരോഗമിക്കുന്നു. ഈ ആഴ്ചയിൽ വെള്ളി, ശനി ദിവസങ്ങളിലായി രാവിലെ ഒമ്പത് മുതൽ നാലുവരെ ആദ്യ വർഷ ബാച്ചിലെ മുപ്പതോളം വളന്റിയേഴ്സ് കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.














## ചോദ്യം ഉത്തരം

**വിദ്യാർത്ഥികളെ രാഷ്ട്രീയ പുനർനിർമ്മാണ പ്രക്രിയയിൽ പങ്കാളികളാക്കണമെന്ന ആശയത്തിന് തുടക്കം കുറിച്ചത് ആര്?**

**ഗാന്ധിജി**

# അക്ഷരാഗ്നി

**-അഞ്ജലി ബിജു**





**ചിന്താവിഷയം:**

"നിങ്ങൾ ജീവിതത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്നുവെങ്കിൽ സമയം പാഴാക്കരുത്. കാരണം ഈ സമയമാണ് നിങ്ങളുടെ ജീവിതം. "

-ബ്രൂസ്ലി-

@nss_stc_42_144